നഗരാസൂത്രകന്റെ കാര്യാലയം,

ഇടുക്കി 685602, ഫോൺ നമ്പർ 0486-2235224,

Email- tcpdidk@gmail.com.

## നഗരാസൂത്രകന്റെ നടപടിക്രമം

## (ഹാജർ ജിമ്മിച്ചൻ മാത്യു നഗരാസൂത്രകൻ)

വിഷയം: വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് - വ്യവസായ കെട്ടിട നിർമ്മാണം (Particle Board MDF Panels manufacturing Unit)-ഭൂവിനിയോഗത്തിനും കെട്ടിടങ്ങളുടെ ലേ ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 09.10.2019-ലെ A3/5285/19 നമ്പർ കത്ത്.

## ഉത്തരവ് നമ്പർ TCPIDK/772/2019-D1 തീയതി 07/12/2019

വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തില്, വെള്ളിയാമറ്റം വില്ലേജിൽ റീസർവ്വേ നമ്പർ 51/3, 51/2, 51/7, 52/2, 51/5/1, 52/3/1, 52/1/1, 51/6, 52/3, 52/1, 99/1/1, 99/1/2, 133/1/4, 133/1/5, 133/1/6/1, 99/1/1/1, 51/5, എന്നിവയിൽ M/s WOODON MDF PANELS Pvt Ltd, 10, Nellikuzhy എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള 9.3236 ഹെക്ടർ വിസ്തീർണ്ണം വരുന്നതായ ഭൂമിയിൽ ഫാക്ടറി കെട്ടിടം, Restroom, Toilet block എന്നിവയുൾപ്പെടുന്ന 22584.14 ച.മി. തറവിസ്തീർണ്ണം വരുന്നതായ Group G-1 Industrial വിഭാഗത്തിൽ പെടുന്ന കെട്ടിടങ്ങൾ നിർമ്മിക്കുന്നതിലേക്ക് Mr.പരീത് കെ.വി., മാനേജിംഗ് ഡയറക്ടർ, M/s WOODON MDF PANELS Pvt Ltd. പഞ്ചായത്തിൽ നൽകിയ അപേക്ഷ അനുസരിച്ച് ഇതോടൊപ്പമുള്ള പ്ലാനുകൾ പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഭൂവിനിയോഗത്തിനും കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകള്**

1. കെ.പി.ബി.ആർ 2011 ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി അതിരുകൾ, അളവുകൾ, നിർമ്മാണാവകാശം എന്നിവയും ടി സ്ഥലത്ത് പുറംപോക്ക് ഭൂമി ഉൾപ്പെടുന്നില്ലായെന്നും പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
2. ഇതേ ഉടമസ്ഥരുടേതായി നിർദ്ദിഷ്ട പ്ലോട്ടിനോട് ചേർന്ന് വേറേ ഭൂമി ഇല്ല എന്ന് പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
3. കെ.പി.ബി.ആർ ചട്ടം 59(14), 59(15) എന്നിവ അനുസരിച്ച് ദ്രവ മാലിന്യ സംസ്കരണ സംവിധാനം മലിനജല പുനഃരുല്പാദനത്തിനും പുനരുപയോഗത്തിനുമായുള്ള സംവിധാനങ്ങൾ എന്നിവ ഏർപ്പെടുത്തേണ്ടതാണ്.
4. നിർമ്മാണം കെ.പി.ബി.ആർ 2011 - നും അനുബന്ധ ഭേദഗതികൾക്കും വിധേയം ആയിരിക്കണം.
5. നിയമാനുസൃതം മറ്റ് ഏജൻസികൾ/വകുപ്പുകൾ എന്നിവയിൽ നിന്നും നേടേണ്ടതായ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കേണ്ടതാണ്.
6. പ്രസ്തുത ഭൂമിയുടെ തെക്ക് കിഴക്കായി സ്ഥിതിചെയ്യുന്ന തോട് , ആയതിന്റെ വീതി ഉൾപ്പെടെ പ്ലാനിൽ രേഖപ്പെടുത്തേണ്ടതും ഫാക്ടറിയുടെ പ്രവർത്തനം മൂലം തോട് മലിനമാകാതെ സംരക്ഷിക്കേണ്ടതുമാണ്.

ആയതു പ്ലാനിൽ കാണിക്കേണ്ടതുമാണ്.

മേൽ പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി പ്ലാനിൽ വരുത്തേണ്ടതായ മാറ്റങ്ങൾ വരുത്തി പ്ലാൻ ലഭ്യമാക്കി നിർമ്മാണാനുമതിക്കായി പരിഗണിക്കേണ്ടതാണ്.

Signature valid
Digitally signed by Jimmichen Mathew
Date: 2019.12.07 07:31:56 IST
Reason: Approved

**JIMMICHEN MATHEW, TP TPIDK, O/o TP TPIDK**

To

സെക്രട്ടറി, വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്.

പകർപ്പ്,

1. Mr. പരീത് കെ.വി. മാനേജിംഗ് ഡയറക്ടർ, MDF PANELS Pvt Ltd. (കുന്നത്താൻ ഹൗസ്, കോട്ടപ്പടി പി.ഒ, എറണാകുളം.)
2. കരുതൽ

DESPATCHED
Date 7/12/19

നഗരാസൂത്രകന്റെ കാര്യാലയം ഇടുക്കി
പിൻ: 685602
തീയതി............
ഇടുക്കി കോളനി പി.ഒ